# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 227 20.06.2012 - ൽ മറുപടിക്ക്

## കേന്ദ്രീകൃത കുടിവെള്ള കണക്ഷൻ സംവിധാനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.കെ.ഗുരുദാസൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. ബാബു എം. പാലിശ്ശേരി | | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാർ നഗരങ്ങളിൽ നടപ്പാക്കിയ കുടിവെള്ള കണക്ഷൻ നൽകാനുള്ള കേന്ദ്രീകൃത സംവിധാനം നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള കേന്ദ്രീകൃത സംവിധാനം തിരുവനന്തപുരത്ത് മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ഏപ്രിൽ 2007-ൽ ആരംഭിച്ച സംവിധാനം ഇപ്പോഴും തുടരുന്നു. ഇത് നിർത്തലാക്കാൻ തീരുമാനിച്ചിട്ടില്ല. |
| (ബി) തിരുവനന്തപുരത്തു നടപ്പാക്കിയ ഈ പദ്ധതിയിൽ കൃത്യമായി രേഖകൾ ഹാജരാക്കുന്ന അപേക്ഷകർക്ക് കാലതാമസം കൂടാതെ കുടിവെള്ള കണക്ഷൻ ലഭ്യമാക്കിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കൃത്യമായ രേഖകൾ ഹാജരാക്കുകയും മറ്റ് ഏജൻസികളുടെ അനുവാദം അവശ്യമില്ലാ ത്തതും നിയമപ്രകാരം അനുവദനീ യവുമായ കണക്ഷനുകൾ ഒരാഴ്ചക്കുള്ളിൽ അനുവദിച്ച് ലഭ്യമാക്കുന്നുണ്ട്. |
| സി ഫ്ളാറ്റ് ലോബിയുടെ സമ്മർദ്ദമാണ് ഈ പദ്ധതി അട്ടിമറിക്കപ്പെടുവാൻ കാരണമെന്ന വാർത്തകൾ ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ; | (സി) | കേന്ദ്രീകൃത കണക്ഷൻ യൂണിറ്റിന്റെ പ്രവർത്തനത്തെ വിലയിരുത്തുകയും അപാകതകൾ പരിഹരിക്കുകയും ചെയ്യുന്നതല്ലാതെ മറ്റ് ബഹ്യശക്തികളുടെ ഇടപെടൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി എങ്കിൽ ഈ സംവിധാനം നില നിർത്താൻ സത്വര നടപടികൾ കൈക്കൊള്ളുമോ? | (ഡി) | സംവിധാനം നിലനിൽക്കുകയാണ്. മറിച്ച് തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ